"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പട്ടുവം ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി. മരിയമേബിൾ എ.ടി യെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.2106/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/10/2021

പരാമർശം:-
1. സ. ഉ (പി) നം. 501/2005/ധന തീയതി 25/11/2005.
2. സ. ഉ (പി) നം. 61/2010/Fin. തീയതി 09.2.10
3. സ. ഉ ( പി ) 58/2018/ധന തീയതി 10.04.2018
4. പഞ്ചായത്ത് ഡയറക്ടറുടെ 18.12.2012, 22.01.2014, 06.02.2019 തീയതികളിലെ ഇ9-13725/12നം. കത്തുകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 06.02.2021 തീയതിയിലെ PAN/6460/2019-E1(DP)നം കത്ത്
6. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10.09.2021 ലെ DDP-KNR/1654/2020-E2 നം. കത്ത്

**ഉത്തരവ്**

1. കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക ഇല്ലാത്തതിനാൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന ശ്രീമതി. മരിയമേബിൾ.എ.ടി എന്നയാളെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. സ്വീപ്പിംഗ് ഏര്യ 301.28ച.മീ ഉള്ളതും 1998 മുതൽ നിലവിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നതുമായ ടി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ കാലതാമസം വന്നത് എന്താണെന്ന് വ്യക്തമാക്കി, സ്വീപ്പിംഗ് ഏര്യ സർട്ടിഫിക്കറ്റിൽ തീയതി രേഖപ്പെടുത്തി ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടറോട് നിദേശിച്ചതിനെതുടർന്ന് പട്ടുവം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച പ്രൊപ്പോസലിലെ അപാകതകൾ കാരണമാണ് പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനാൽ കാലതാമസം നേരിട്ടതെന്നും കൂടാതെ പാർട്ട്ടൈം സ്വീപ്പറിന്റെ സ്ഥിരം തസ്തിക പട്ടുവം ഗ്രാമപഞ്ചായത്തിൽ നിലവിലില്ലെന്നും പട്ടുവം ഗ്രാമപഞ്ചായത്ത് ഓഫീസ് 20/07/2017 മുതൽ പ്രവർത്തിക്കുന്ന പുതിയ കെട്ടിടത്തിന്റെ ആകെ സ്വീപ്പിംഗ് ഏര്യ 407.41 ച. മീ ആണെന്ന് തളിപ്പറമ്പ് പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളതായും തുടർനടപടികൾക്കായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2. പട്ടുവം ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തനം ആരംഭിച്ച തീയതി മുതൽ 19/05/1998 വരെ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. തുടർന്ന് 20/05/1998 തീയതിയിൽ 301.28 ച.മീ സ്വീപ്പിംഗ് ഏരിയയുള്ള സ്വന്തം കെട്ടിടത്തിലേക്ക് പ്രവർത്തനം മാറുകയുണ്ടായി. ടി കെട്ടിടത്തിന്റെ സ്ഥലപരിമിതി മൂലം ഓഫീസിനു വേണ്ടി പുതിയ സ്ഥലം കണ്ടെത്തുകയും 15/09/2019 മുതൽ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ടി കെട്ടിടത്തിന്റെ സ്വീപ്പിംഗ് ഏരിയ 650. 16 ച.മീ ആണ്. കൂടാതെ പഞ്ചായത്ത് കോമ്പൗണ്ടിനുള്ളിൽ തന്നെ 420 ച.മീ സ്വീപ്പിംഗ് ഏരിയയുള്ള കമ്മ്യൂണിറ്റി ഹാളും ഉണ്ട്. പരാമർശം (1) ഉത്തരവ് പ്രകാരം പ്രതിമാസം 600/- രൂപ നിരക്കിൽ ജോലി ചെയ്യുന്ന കാഷ്വൽ സ്വീപ്പർമാരുടെ നിയമനം മാത്രമേ ക്രമവത്കരിക്കുവാൻ കഴിയുകയുള്ളൂ എന്ന കാരണത്താലാണ് മുൻപ ടിയാരിയെ ക്രമവത്കരിക്കണമെന്ന് ശുപാർശ സർക്കാർ നിരസിച്ചത് എന്ന വിവരം കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

3. പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 21.11.1997 ലെ 297/97 നം. തീരുമാനം, 11.07.2006 ലെ 109/06 നം. തീരുമാനം എന്നിവയുടെ പകർപ്പും 1997 ജൂൺ മാസത്തിൽ ശ്രീമതി. മീര വർഗീസ് എന്നയാൾക്ക് സ്വീപ്പിംങ് ചാർജസ് ട്രഷറിയിൽ നിന്ന് മാറി നൽകുന്നതിനായി തയ്യാറാക്കിയിരുന്ന കണ്ടിജന്റ് ബില്ലിന്റെ (Form TR 61) പകർപ്പ്, ശ്രീമതി മീര വർഗീസ് തുക കൈപ്പറ്റിയ അകിറ്റൻസ് രസീതിന്റെ പകർപ്പ്, പട്ടുവം വില്ലേജ് ഓഫീസറുടെ 29.7.06 തീയതിയിലെ 33/06 സാക്ഷ്യപത്രത്തിന്റെ പകർപ്പ് എന്നിവ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാരിൽ ലഭ്യമാക്കി. ശ്രീമതി മീര മേബിൾ എന്നവരെ ദിവസവേതനത്തിൽ ഓഫീസ് ക്ലീനിംഗിന് നിയമിക്കാൻ 21.11.1997 ലെ 297/97 നം. തീരുമാന പ്രകാരം പട്ടുവം ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു. 11.07.2006 ലെ 109/06 നം. തീരുമാന പ്രകാരം 301.28 ച. മീ. സ്വീപ്പിംങ് ഏര്യ ഉള്ള ടി പഞ്ചായത്തിൽ 25.11.2005 ലെ 501/2005/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ച് 1997 ഏപ്രിൽ മുതൽ കാഷ്വൽ സ്വീപ്പറായി ജോലി നോക്കി വരുന്ന ശ്രീമതി. മരിയ മേബിളിനെ സ്ഥിരപ്പെടുത്താൻ അപേക്ഷിക്കുവാനും തീരുമാനിച്ചു. വർഗീസ് ഭാര്യ മരിയ മേബിൾ എ.ടി എന്നയാളും മീര മേബിൾ എന്നവരും ഒരാൾ തന്നെയാണെന്ന് പട്ടുവം വില്ലേജ് ഓഫീസറുടെ 29.7.06 തീയതിയിലെ 33/06 സാക്ഷ്യപത്രത്തിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം കാഷ്വൽ സ്വീപ്പമാരുടെ നിയമന ക്രമവൽക്കരണം സംബന്ധിച്ച് വിശദമായ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (2) ഉത്തരവ് പ്രകാരം പരാമർശം (1) ഉത്തരവിൽ നിർദേശിച്ചിരിക്കുന്ന സ്വീപ്പിംങ് ഏരി നിലവിലുണ്ടെങ്കിലും ടി ഉത്തരവ് തീയതിക്കോ അതിന് മുൻപോ നിയമിക്കപ്പെട്ടവരും 9.2.2010 തീയതിയിൽ തുടരുന്നവരുമായ കാഷ്വൽ സ്വീപ്പർമാർ ഒഴികെയുള്ള മറ്റ് നിലവിലുള്ള എല്ലാ സ്വീപ്പർമാരും നിലവിലുള്ള സാങ്ഷൻഡ് പോസ്റ്റിൽ നിയമിക്കപ്പെട്ടവരും ക്രമവൽക്കരണത്തിന് അർഹരാണ്. ആയതിനാൽ പട്ടുവം ഗ്രാമപഞ്ചായത്തിൽ 1997 മുതൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി. മരിയമേബിൾ.എ.ടി യ്ക്ക് ക്രമവൽക്കരണത്തിന് അർഹതയുണ്ട്. പട്ടുവം ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തനം ആരംഭിച്ച തീയതി മുതൽ 19/05/1998 വരെ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. തുടർന്ന് 20/05/1998-ാം തീയതിയിൽ 301.28 ച.മീ സ്വീപ്പിംഗ് ഏരിയയുള്ള സ്വന്തം കെട്ടിടത്തിലേക്ക് പ്രവർത്തനം മാറുകയുണ്ടായി. 15/09/2019 മുതൽ 650. 16 ച.മീ സ്വീപ്പിംഗ് ഏരിയ ഉള്ള പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ടി

## File No.LSGD-EPA2/141/2015-LSGD

ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക ഇല്ലാത്തതിനാൽ പരാമർശം (1) പ്രകാരം ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക അനുവദനീയമാണ്. പരാമർശം (3) ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമപ്രകാരം കാഷ്വൽ / താൽക്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

5. മേൽ സാഹചര്യങ്ങളിൽ പട്ടുവം ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി. മരിയമേബിൾ എ.ടി യെ സർക്കാർ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല.

സെക്രട്ടറി, പട്ടുവം ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല.

ശ്രീമതി. മരിയമേബിൾ എ.ടി, പാർട്ട് ടൈം സ്വീപ്പർ, പട്ടുവം ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല.

(സെക്രട്ടറി, പട്ടുവം ഗ്രാമപഞ്ചായത്ത് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/141/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ